ഖുത്ബ നമ്പർ
46
15-11-2013

بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, തമ്മനം


Baitul Futuh Mosque, London.

# വിദൂര പൗരസ്ത്യദേശങ്ങളിലെ സന്ദർശനവും അല്ലാഹുവിന്റെ കാരുണ്യ പ്രകടനങ്ങളും

കഴിഞ്ഞ ഏതാനും ആഴ്ച്ചകളായി ഞാൻ ആസ്ത്രേലിയ, ന്യൂസ്‌ലാന്റ്, സിംഗപ്പൂർ, ജപ്പാൻ തുടങ്ങിയ രാഷ്ട്രങ്ങളുടെ സന്ദർശനത്തിലായിരുന്നുവെന്ന് നിങ്ങൾക്കറിയാവുന്നതാണ്. സന്ദർശനവേളകളിൽ വർഷിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് മടങ്ങി വന്നതിന് ശേഷം പരാമർശിക്കുക എന്നത് എന്റെ രീതിയാണ്. അതിനാൽ ഇന്ന് സംക്ഷിപ്തമായ നിലയിൽ തൽസംബന്ധമായി ഞാൻ പരാമർശിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിത്തിട്ടപ്പെടുകയും അതിന്റെ പരമസീമയെ മനസ്സിലാക്കുകയും ചെയ്യുക എന്നത് അസാധ്യമാണ്. കാരണം അനുഗ്രഹങ്ങളുടെ സീമയെ സ്പർശിക്കുകയാണെന്ന് നമുക്ക് തോന്നുമ്പോൾ അല്ലാഹു നമ്മുടെ ഈ തെറ്റിദ്ധാരണയെ ദുരീകരിക്കുന്നതിനായി സംവിധാനങ്ങൾ തയ്യാറാക്കുന്നു. നിങ്ങൾ അനവധി അനുഗ്രഹങ്ങളായി ഗണിച്ചവ കേവലം ആരംഭം മാത്രമാണ്, ഇനി നാം ഒരു പടി മുന്നോട്ട് നീങ്ങുകയാണ് എന്ന് പറയുന്നു. അതിനാൽ അല്ലാഹുവിന്റെ കാരുണ്യത്തെ എണ്ണിത്തിട്ടപ്പെടുത്തുകയും അതിന്റെ പരമസീമയെ മനസ്സിലാക്കുകയും ചെയ്യുക എന്നത് മനുഷ്യകഴിവുകൾക്കതീതമാകുന്നു. വിശേഷിച്ച് നബി തിരുമേനി ﷺ പ്രവചനമനുസരിച്ച് ആഗതരായ ഹ: മസീഹ് മൗഊദ് عليه السلام ന് അല്ലാഹു നൽകിയ വാഗ്ദാനങ്ങളുടെ പരമ്പര ഓരോ തിരിവിലും നമുക്ക് സുവാർത്ത അറിയിക്കുന്നു. അനുഗ്രഹങ്ങളുടെ പരമസീമയെ സംബന്ധിച്ചുള്ള പരാമർശം അനന്ത വിദൂരതയിലുള്ള കാര്യമാണ്. എനിക്കിവിടെ ഏത് അനുഗ്രഹത്തിൽ നിന്നാണ് തുടങ്ങേണ്ടത് എന്നുതന്നെ മനസ്സിലാകുന്നില്ല.

ഏതായാലും ഈ ഏഴ് ആഴ്ച്ചകളിലെ യാത്രാ വേളകളിൽ ദൃശ്യമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ സംക്ഷിപ്തം ഞാൻ സമർപ്പിക്കുന്നതാണ്. വിശദമായ വിവരണങ്ങൾ അൽഫദ്‌ലിലേക്ക് അയച്ചിട്ടുണ്ട്. അത് പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. ചിലർ വായിച്ചിട്ടുണ്ടാകും. എന്നാൽ ചില കാര്യങ്ങൾ അവതരിപ്പിക്കുക അസാധ്യവുമാകുന്നു. ജമാഅത്തിനെ പരാമർശിച്ചുകൊണ്ട് അന്യർ നടത്തുന്ന ചില അഭിപ്രായങ്ങളെ 100% വും വിവരിക്കാൻ എനിക്കും കഴിയില്ല, മറ്റാർക്കും റിപ്പോർട്ട് ചെയ്യാനും കഴിയില്ല. എം.ടി.എ യിലൂടെ ഒരു പരിധിവരെ അത് ദർശിക്കാവുന്നതാണ്. ചിലത് എം.ടി.എ യിൽ വന്നിട്ടുണ്ടാകും. ഇംഗ്ലീഷ് അറിയുന്ന വിഭാഗത്തിനു വേണ്ടി ഇത്തവണ പ്രസിന്റെ നല്ല സംവിധാനമായിരുന്നു തയ്യാറാക്കിയിരുന്നത്. സന്ദർശനത്തിന്റെ പ്രത്യേക സവിശേഷ സംഭവങ്ങളെ സംബന്ധിച്ചുള്ള വാർത്തകൾ അഹ്മദികൾക്ക് എത്തിക്കൊണ്ടിരുന്നു.

ഏതായാലും ഓരോ സന്ദർശനവും ഓരോ ദിനവും നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തെയും അവനോടുള്ള കൃതജ്ഞതയുടേയും സംബന്ധിച്ചുള്ള ബോധ്യപ്പെടുത്തലായിരുന്നു. അതോടൊപ്പം ഹ: മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവും ആയിരുന്നു. ഈ ആമുഖത്തിനുശേഷം യാത്ര വിവരണങ്ങളെയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും സംബന്ധിച്ച് പരാമർശിക്കുകയാണ്.

എന്റെ സന്ദർശനയാത്രയുടെ ആദ്യ ലക്ഷ്യം സിംഗപ്പൂരായിരുന്നു. സിംഗപ്പൂർ വിമാനത്താവളത്തിൽ സിംഗപ്പൂർ അഹ്മദികളെ കൂടാതെ ഇന്തോനേഷ്യാ, മലേഷ്യാ എന്നിവടങ്ങളിലെ ചില ഭാരവാഹികളും സ്ത്രീ പുരുഷന്മാരും എത്തിയിരുന്നു. അവരെല്ലാവരും പ്രത്യേക വികാരഭരിതരായിരുന്നു. അതിനെ കുറിച്ചുള്ള ഒരു ഏകദേശ രൂപം എം.ടി.എ യിലൂടെ നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. സിംഗപ്പൂർ പര്യടനം ഏകദേശം 10 ദിവസത്തോളമുണ്ടായിരുന്നു. അവിടെ ഇന്തോനേഷ്യാ, മലേഷ്യാ, ബ്രൂണായ്, ഫിൽപ്പൈൻ, തായ്‌ലന്റ്, കമ്പോഡിയ, വിയറ്റ്നാം, പാപിയാനോഗിനി, മ്യാന്മാർ, സിയാനെവാലെ എന്നിവിടങ്ങളിലെ അഹ്മദികളുമായി കൂടിക്കാഴ്ച്ച നടന്നു. ഇന്തോനേഷ്യയിൽ നിന്ന് ഏകദേശം 2500 അഹ്മദികൾ എത്തിയിരുന്നു.അവരിൽ അധികം പേരും വലിയ സാമ്പത്തിക ഭദ്രതയുള്ളവരായിരുന്നില്ല. എന്നാൽ ആത്മാർത്ഥതയും കൂറുമുള്ളവരായിരുന്നു. ചിലർ കടം വാങ്ങിയും ചിലർ തങ്ങളുടെ എന്തെങ്കിലും വിറ്റിട്ടോ, സ്വത്ത് വിറ്റിട്ടോ യാത്രാ ചെലവ് സംഘടിപ്പിച്ചായിരുന്നു വന്നത്.

ദീനിൽ സ്ഥിരത ലഭിക്കുന്നതിനുള്ള ചിന്തയായിരുന്നു ഏവർക്കും. അതിനു വേണ്ടിയായിരുന്നു ദുഃആക്കപേക്ഷിച്ചതും. ഇക്കാര്യം ഞാൻ സന്ദർശന വേളയിലെ ഖുത്ബയിലും പരാമർശിച്ചിരുന്നു. ഇവരിൽ ചിലർ ഒരു വർഷത്തോളമായി വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടവരാണ്. ഇവരെ അവരുടെ വീടുകളിൽ നിന്ന് വീട്ടുകാർ പുറത്താക്കിയിരിക്കുകയാണ്. താൽകാലിക കുടിലുകളിലാണ് താമസിക്കുന്നത്. എന്നാൽ തങ്ങളുടെ വിശ്വാസത്തെ ത്യജിച്ചില്ല. അവരുടെ വിശ്വാസം ദൃഢവും തീരുമാനം ഉറച്ചതുമായിക്കൊണ്ടിരിക്കുന്നു.

മീറ്റിംങ്ങുകളും, കൂടിക്കാഴ്ച്ചകളും, ക്ലാസുകളും, തുടങ്ങിയ ജമാഅത്തീ പരിപാടികൾ കൂടാതെ സ്വീകരണയോഗവു മുണ്ടായിരുന്നു. പ്രസ്തുതയോഗത്തിൽ ഇന്തോനേഷ്യയിൽ നിന്നു വന്ന അനഹ്മദികളായ വിദ്വാന്മാരും ഉണ്ടായിരുന്നു. അതിൽ പ്രൊഫസർമാർ, പൺഢിതന്മാർ, രാഷ്ട്രീയക്കാർ, വിദ്ധ്യാസമ്പന്നർ, പത്രപ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരും ഉണ്ടായിരുന്നു. പത്രമാധ്യമ പ്രവർത്തകർ ഇന്റർവ്യൂ എടുക്കുകയും ചെയ്തു. അതിൽ ജമാഅത്തിനെ പരിചയപ്പെടുത്തുകയും, അവിടെ ജമാഅത്തിനോട് വർത്തിച്ച രീതിയെ കുറിച്ചും അവരോട് പറയുകയുണ്ടായി. ജീവിതത്തി ന്റെ വിവിധ തുറകളുമായി ബന്ധപ്പെട്ടവർ അതിൽ പങ്കെടു ത്തിരുന്നു. അതിൽ 48 അനഹ്മദികൾ പങ്കെടുത്തിരുന്നു. അതിൽ കലാലയങ്ങളിലെ പ്രൊഫസർ, മുൻ എ.പി, ഹൈഅത്തുൽ ഉലമാ വിഭാഗത്തിലെ 8 പ്രതിനിധികളും ഉൾപ്പെടുന്നു. അതിൽ എന്റെടുത്തിരുന്ന കലാലയത്തിലെ ഒരു പ്രൊഫസർ എന്റെ പ്രഭാഷണം ശ്രവിച്ചതിന് ശേഷം പറഞ്ഞു:''ഇന്തോനേഷ്യയിലെ ഞങ്ങളുടെ യൂണിവേർസി റ്റിയിൽ പ്രഭാഷണത്തിനുള്ള സംവിധാനം ഒരുക്കാം. അവിടെ യും പ്രഭാഷണം നടത്തണം.'' ഞാൻ പറഞ്ഞു: ''നിങ്ങൾക്ക് സംവിധാനം ചെയ്യാൻ സാധിക്കുമെങ്കിൽ വളരെ നല്ല കാര്യമാണ്. എന്നാൽ അവിടെ ജനങ്ങൾ ബഹളമുണ്ടാക്കു ന്നതാണെന്ന് ഒരു പക്ഷേ താങ്കൾക്കറിയില്ലായിരിക്കം.'' ഏതായാലും ഇതവരുടെ മാന്യതയായിരുന്നു. അവരിൽ ചിലർ സൽപ്രകൃതക്കാരായിരുന്നു. ഉലമാക്കളുടെ കൗൺസിലിലെ അംഗങ്ങളും ഉണ്ടായിരുന്നു.

സിംഗപ്പൂർ റിസപ്ഷനിൽ അവിടുത്തെ ഒരതിഥി സ്റ്റലിക്കുശയവും ഉണ്ടായിരുന്നു. അദ്ദേഹം 29 വർഷ ത്തോളം സിംഗപ്പൂരിലെ സുപ്പീരിയർ ഹൈക്കമീഷണറായി രുന്നു. എം.പി.യുമായിരുന്നു. സീനിയർ മിനിസ്റ്റർ സ്റ്റേറ്റു മായിരുന്നു. സിംഗപ്പൂരിന്റെ സ്ഥാപകരിലൊരാളുമാണ്. അദ്ദേഹം പറഞ്ഞു: ''ഞാൻ മിസറിൽ സ്ഥാനപതിയായിരുന്ന സമയത്ത് മിസറിലെ അവസ്ഥ വളരെ നല്ലതായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം മുതൽ അവസ്ഥ മോശമായിരി ക്കുകയാണ്. ഇസ്‌ലാമിന്റെ ഒരു തെറ്റായ പ്രതിഛായയാണ് നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ അഹ്മദിയ്യത്ത് ലോകനേതാക്കന്മാരുടെ മുന്നിൽ യഥാർത്ഥ ഇസ്‌ലാമിനെ സമർപിക്കുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിങ്ങളെ ഞാൻ അതിൽ പ്രശംസിക്കുന്നു.'' അദ്ദേഹം റിട്ടേർഡായി. സിംഗപ്പൂരിലെ എല്ലാവരാലും ബഹുമാനിക്കുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിയാണദ്ദേഹം.

അതുപോലെ ഇന്തോനേഷ്യയിൽ മോസ്ഖ് കൗൺസിൽ മുസ്‌ലിം ടാലന്റ് ഡിപ്പാർട്ട്മെന്റിന്റെ തലവനും, സ്റ്റേറ്റ് ഇസ്‌ലാമിയൂണിവേഴ്സിറ്റി ജക്കാർത്തയിലെ ഹ്യൂമൺ സ്റ്റഡിസെന്ററിലെ പ്രധാന അധ്യാപകനുമായ മിസ്റ്റർ ഇദ്ദഹോസിയാദ പറഞ്ഞു: ''വികസിത രാഷ്ട്രങ്ങളിലെ വിജ്ഞാനങ്ങളും, വിദ്യകളും വികസ്വര രാഷ്ട്രങ്ങളിൽ എത്തിക്കുകയും ആഗോള അനീതിയോടും, ദാരിദ്രത്തോടും പൊരുതുന്നതിനായി എല്ലാവർക്കും ജമാഅത്ത് മാർഗ ദർശനം നൽകുകയും ചെയ്യേണ്ടതാണ്. ലോകത്തിന്റെ ഇന്നത്തെ സാമ്പത്തികാവസ്ഥയും തൽസംബന്ധമായി ഇസ്‌ലാം എന്താണ് പറയുന്നതെന്നും പറയുക.'' പറഞ്ഞു: ''ഇന്ന് ലോകത്ത് ഒരു സംഘടനക്കും അഹ്മദിയ്യാ ജമാഅത്തി ലുള്ളതുപോലുള്ള വ്യവസ്ഥിതിയും നേതൃത്വവുമില്ല. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർത്ഥ മാതൃക.'' അദ്ദേഹം അവിടുത്തെ ഇസ്‌ലാമിക യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്.

പിന്നീട് യുവജന പ്രസ്ഥാനത്തിന്റെ ഒരു പ്രതിനിധി പ്രഭാഷ ണത്തിന് ശേഷം പറഞ്ഞു:''ഇത് എല്ലാ ഇന്തോനേഷ്യ ക്കാരിലേക്കും എത്തേണ്ടതാണ്. സമാധാനത്തിലും ശാന്തിയിലും അധിഷ്ഠിതമായ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ കുറിച്ച് മനസ്സിലാക്കുവാൻ വേണ്ടി.''

പിന്നീട് പി.എച്ച്.ഡി.ക്കാരനായ മിസ്റ്റർ സുഫിയാൻതോ സാഹിബ് അദ്ദേഹം ഇന്തോനേഷ്യൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. പറയുന്നു: ''അഹ്മദികളുടെ എതിരാളി കളായ ഇന്തോനേഷ്യക്കാർ അവരുടെ ഹൃദയം തുറക്കപ്പെ ടുന്നതിനായി ഖലീഫയെ കാണുകയും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുകയും ചെയ്യേണ്ടതാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മാത്രമാണ് ഇസ്‌ലാമിനെ സമാധാന കാംക്ഷിയായ മതമായി സമർപ്പിക്കുന്നത്.''

പിന്നീട് ഇന്തോനേഷ്യൻ പത്രമായ ട്രിബ്യൂൺ ജാബർക്ക ലിസ്റ്റിന്റെ പത്രാധിപൻ, അദ്ദേഹം അഹ്മദിയ്യത്തിനെ സംബന്ധിച്ച് പിഎച്ച്ഡി ചെയ്തുകൊണ്ടിരിക്കുകയാണ്, പറയുന്നു: ''ഖലീഫത്തുൽ മസീഹ് മനുഷ്യത്വത്തിലും, നീതിയിലും, സമാധാനത്തിലും അധിഷ്ഠിതമായ സാമ്പത്തിക വ്യവസ്ഥിതിയെ സംബന്ധിച്ച് പരാമർശിക്കു കയുണ്ടായി. അത് എന്നെ വല്ലാതെ സ്വാധീനിച്ചു.''

കഴിഞ്ഞ 27 വർഷമായി സിംഗപ്പൂരിൽ വസിക്കുന്ന ഇസ്‌ലാം സ്വീകരിച്ച ഒരു ബ്രിട്ടീഷ് യുവാവ്, അദ്ദേഹം അവിടെ ഒരു കമ്പനിയിൽ ജോലി ചെയ്യുകയാണ് പറയുന്നു: ''ഞാൻ ഈ പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിച്ചപ്പോൾ എന്റെ കമ്പനിക്കാർ ഇതിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് വിലക്കി. രണ്ട് മൂന്ന് തവണ വിലക്കി. ഒരു പക്ഷേ അത് മുസ്‌ലിമിന്റെ തായിരിക്കും. നിങ്ങളെ ജോലിയിൽ നിന്നും ഒഴിവാക്കുന്നതാ ണെന്ന് വരെ പറഞ്ഞു. എന്നിട്ടും ഞാനിതിൽ പങ്കെടുത്തു.'' പിന്നീട് തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു: ''ഞാൻ നേരത്തെ തന്നെ മുസ്‌ലിമായിരുന്നു. എന്നാൽ ഇന്ന് എനിക്ക് ലഭിച്ച ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ മുമ്പൊരിക്കലും തന്നെ ലഭിച്ചിട്ടില്ല. ഇസ്‌ലാ മിന്റെ ഈ രൂപം ആദ്യമായിട്ടാണ് കാണുന്നത്. ശരിയായ വിവരങ്ങൾ ലഭിക്കുന്നതിനു വേണ്ടി ഇസ്‌ലാം അഹ്മദിയ്യ ത്തിനെ കുറിച്ച് കൂടുതൽ പഠിക്കുന്നതാണ്.'' ജമാഅത്തിൽ അംഗമാകാൻ ആഗ്രഹിക്കുന്നു എന്നും പറയുകയുണ്ടായി. *അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയത്തെ വിശാലമാക്കട്ടെ.*

ഫിലിപ്പെയ്ൻസിൽ നിന്നും കുറച്ച് പേർ വന്നിരുന്നു. മുസ്‌ലിം യൂണിവേഴ്സിറ്റിയിലെ ഏഷ്യൻ ആന്റ് ഇസ്‌ലാമിക് സ്റ്റഡിയുടെ പ്രൊഫസർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, ആദ്യം അദ്ദേഹത്തെ അവിടേക്ക് ക്ഷണിക്കു കയും വരാൻ സൗകര്യം ചെയ്തു കൊടുക്കുകയും കൂടിക്കാഴ്ച്ചക്ക് അവസരം നൽക്കുകയും ചെയ്തതിന് കൃതജ്ഞത അറിയിച്ചു. പിന്നീട് ഞാനുമായി നടന്ന സംഭാ ഷണത്തെ സംബന്ധിച്ച് പരാമർശിച്ച് കൊണ്ട് പറയുന്നു:

"എനിക്കതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്, മുസ്‌ലിം കളെ ഒരുമിച്ചു കൂട്ടാൻ കഴിയുന്നത് അഹ്മദിയ്യാ ജമാഅത്തിന് മാത്രമാണ്." എന്നെ ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞു: "ഇദ്ദേഹം പറഞ്ഞ മാർഗത്തിലൂടെ മാത്രമെ ഒരുമിച്ച് കൂട്ടാൻ സാധിക്കുകയുള്ളൂ. അതായത് അല്ലാഹുവിന്റെയും വിശുദ്ധ ഖുർആന്റെയും യഥാർത്ഥ അദ്ധ്യാപനങ്ങളിലേക്ക് മടങ്ങുക."

അതു പോലെ ഫിലിപ്പെയ്നിലെ വിദ്യാഭ്യാസ സെക്രട്ടറിയാ യിരുന്ന ഒരു മുസ്‌ലിം വ്യക്തി പറയുന്നു: "ജമാഅത്ത് വിജയി ക്കുന്നതാണെന്ന് ഞാൻ സാക്ഷ്യം പറയുന്നു." തുടർന്ന് പറയുന്നു: "നബി തിരുമേനി ﷺ യുടെ കാലത്ത് മുസ്‌ലീം കൾ പീഢിപ്പിക്കപ്പെട്ടിരുന്നതു പോലെ ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് മേൽ പീഢനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആദ്യകാലഘട്ടത്തിൽ ഇസ്‌ലാമിന് വിജയം ലഭിച്ചതു പോലെ ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് വിജയം ലഭിക്കുന്നതാണ്. അത് തീർച്ചയായും ഉണ്ടാകുന്നത് സ്വന്തം കണ്ണുകൾ കൊണ്ട് കാണുകയും ചെയ്യുന്നു. ഇസ്‌ലാമിന് അതിമഹത്താ യ വിജയം കരസ്ഥമാകുമ്പോൾ ഞങ്ങളും അതിലുണ്ടാകും. അവിടെയുള്ള ചിലർ സംഘടനകളെ ഭയപ്പെടുന്നുണ്ട്. പക്ഷെ മനസ് കൊണ്ട് അവർ അഹ്മദികളാണ്." സിംഗപ്പൂരിലുണ്ടാ യിരുന്ന യഥാർത്ഥ പരിപാടി ഈ റിസപ്ഷനായിരുന്നു. മറ്റുള്ളവ ജുമുഅയും കൂടിക്കാഴ്ച്ചകളും ആയിരുന്നു.

അതിനു ശേഷം ആസ്ത്രേലിയയിലെ പര്യടനം ആരംഭിച്ചു. അവിടെ സിഡ്നിയിൽ കുറച്ച് ദിവസം തങ്ങിയതിന് ശേഷം മെൽബണിലേക്ക് പോയി. മെൽബൽ അവിടെനിന്ന് 800 മൈൽ ദൂരെയാണ്. അവിടെയും ഒരു റിസപ്ഷൻ സെന്ററിൽ റിസപ്ഷനുണ്ടായിരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിൽപ്പെട്ട 220ഓളം ആളുകൾ അതിൽ പങ്കെടുത്തി രുന്നു. അതിൽ എം.പി.യും, സൈന്യത്തിലെ ഉന്നത ഉദ്യോഗ സ്ഥരും, ഒരു ആർമി ചീഫും, അദ്ദേഹത്തിന്റെ പ്രതിനിധിയും പങ്കെടുത്തിരുന്നു. വിവിധ രാജ്യങ്ങളുടെ കൗൺസിലർമാരു മുണ്ടായിരുന്നു. ഫെഡറൽ പോലീസിലെ ഉദ്യോഗസ്ഥരു ണ്ടായിരുന്നു. മറ്റ് പ്രാദേശിക കൗൺസിലർമാരും, പ്രൊഫ സർമാരും മറ്റുള്ളവരും ഉണ്ടായിരുന്നു. ഒരു സ്‌റ്റേറ്റ് ഓഫ് പാർലമെന്റ് വിക്ടോറിയ പ്രതിനിധി പറഞ്ഞു: "താങ്കളുടെ സന്ദേശം മുഴുവൻ ആസ്ത്രേലിയക്കാരും ഇഷ്ടപ്പെടുന്ന നല്ല സന്ദേശമാകുന്നു. വിവിധ സമൂഹങ്ങളും സംസ്കാരങ്ങളും ഇട കലർന്ന ഒരു സമൂഹമാണ് ആസ്ത്രേലിയൻ സമൂഹം. ഒരു ആസ്ത്രേലിയക്കാരൻ എന്ന നിലയിൽ ഈ സന്ദേശം സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, ഇത്തരം സന്ദേശങ്ങൾ എത്തിക്കുന്നവരോട് പൂർണ്ണമായും സഹകരി ക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ സന്ദേശം സമാധാന ത്തിനും ശാന്തിക്കും വേണ്ടിയുള്ളതാകുന്നു."

മറ്റൊരു എം.പി. പറയുന്നു: "ഇന്ന് താങ്കൾ നൽകിയ സന്ദേശം മതത്തിനുമുപരിയായതാകുന്നു. ഇത് മനുഷ്യത്വ ത്തിന്റെ സന്ദേശമാകുന്നു. നാമെല്ലാവരും ഈ സന്ദേശമാണ് സ്വായത്തമാക്കേണ്ടത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഇന്ന് പറഞ്ഞ കാര്യങ്ങളായ സമാധാനം, നീതി, സൗഹാർദം, സാഹോദര്യം, മനുഷ്യ സേവനം എന്നിവയെ നമ്മുടെ സ്വഭാവഗുണങ്ങളാക്കി മാറ്റേണ്ടതാണ്." തുടർന്ന് പറയുന്നു: "അഹ്മദി സ്ത്രീകൾ ഈ സന്ദേശത്തെ മുന്നോട്ട് എത്തി ക്കുക മാത്രമല്ല, മറിച്ച് സ്വയം പ്രാവർത്തികമാക്കുകയും ചെയ്യുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അഹ്മദി കുട്ടികൾ നല്ല സ്വഭാവമുള്ളവരും, വിദ്യാസമ്പന്നരും, ബഹുമാ ന്യരും ആകുന്നു എന്നെനിക്കറിയാം." നാമും ആ ഗുണങ്ങ ളാണ് സ്വായത്തമാക്കേണ്ടത്. അഹ്മദികളെ സംബന്ധിച്ചുള്ള മറ്റുള്ളവരുടെ അഭിപ്രായമാണിത്. എവിടെയും ഇത്തരത്തി ലുള്ള കാര്യങ്ങളാണ് പരാമർശിക്കപ്പെടുന്നത്. ഈയൊരു സ്വാധീനത്തെ എല്ലാ സ്ത്രീകളും, കുട്ടികളും മുന്നോട്ട് കൊണ്ടു പോകേണ്ടതാണ്. തങ്ങളുടെ ചിന്ത എപ്പോഴും ഉന്നതമാക്കിവെക്കുക, യാതൊരുവിധ കോംപ്ലക്സിന്റെയും ആവശ്യമില്ല. ഇവർ നമ്മുടെ വാക്കുകൾ കേൾക്കുന്നതിനായി സന്നദ്ധരാണ്. മാത്രമല്ല അതിനെ ഇഷ്ടപ്പെടുകയും സ്വായത്തമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

അതു പോലെ ചർച്ച് ഓഫ് ജീസസ് ക്രൈസ്റ്റിന്റെ ഒരു പ്രതിനിധി പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ ലളിതമായ ഭാഷയിൽ ഇസ്‌ലാമിന്റെ സമാധാന സന്ദേശത്തെ സമർപ്പിക്കുകയുണ്ടായി. ഓരോ ആസ്ത്രേലിയ ക്കാരനും ഇത് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കു ന്നതാണ്. ഇന്ന് ഈ ഹാളിൽ സന്നിഹിതരായിരിക്കുന്ന ഓരോരുത്തരുടേയും ഹൃദയത്തിലെ ശബ്ദം സമാധാന സ്ഥാപനത്തിനായുള്ള ഏക മാർഗ്ഗം സ്നേഹമാകുന്നു എന്നാകുന്നു. ഇന്ന് ഈ സന്ദേശം നാം നമ്മോടൊപ്പം കൊണ്ടു പോകുന്നു എന്നത് വളരെ നല്ല കാര്യമാണ്."

മറ്റൊരു അഥിതി പറഞ്ഞു: "ഞാനും എന്റെ ഭാര്യയും കഴിഞ്ഞ 18 വർഷമായി സത്യത്തെ അന്വേഷിക്കുകയാ യിരുന്നു. ഇന്ന് രാത്രി ഞങ്ങൾ കേട്ടത് സത്യം മാത്രമാ യിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം പരിപൂർണ്ണ സന്ദേശമായിരുന്നു. നാമെല്ലാവരും അത് പ്രാവർത്തികമാക്കേണ്ടതാണ്. ഈ സന്ദേശത്തെ നമ്മുടെ ഹൃദയങ്ങളിൽ പതിപ്പിക്കേണ്ടതാണ്. സമാധാനം എങ്ങിനെ സ്ഥാപിതമാകും എന്ന് മാത്രമല്ല ഖലീഫത്തുൽ മസീഹ് പറഞ്ഞത്, മറിച്ച് സമാധാനം സ്ഥാപിതമായില്ലെങ്കിൽ എന്താണ് സംഭവിക്കുക എന്നും പറഞ്ഞു."

അതു പോലെ വളരെ പ്രശസ്ഥമായ ഒരു ചാനലാണ് എ.ബി.സി. ആസ്ത്രേലിയൻ ബ്രോഡ്കാസ്റ്റിങ്ങ് കോർപ റേഷൻ, സർക്കാറിന്റെതാണ്. അതിന്റെ ഒരു ജേർണലിസ്റ്റ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം നീതിയധിഷ്ഠിതവും യാഥാർത്ഥ്യവുമായിരുന്നു. ഈ പ്രഭാഷണം ഞങ്ങളുടെ ബുദ്ധിയെ തുറക്കുകയുണ്ടായി."

പിന്നീട് ഒരു അതിഥിയായ സ്ത്രീ പറഞ്ഞു: "ഇന്ന് ഞാനൊ രു മഹത്തായ പരിപാടിയിൽ പങ്കാളിയായി എന്നതിൽ അഭിമാനിക്കുന്നു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. നിങ്ങളുടെ പ്രവർത്തനങ്ങളെ ഞാൻ വളരെയ ധികം ഇഷ്ടപ്പെടുന്നു. ആസ്ത്രേലിയക്കാർ ഈ സന്ദേശ ത്തെ കൂടുതൽ ദൃഢമായ നിലയിൽ സ്വായത്തമാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ജനങ്ങളിലേക്ക് ഈ സന്ദേശം എത്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്നിതിന്റെ ആവശ്യമാണുള്ളത്."

ഇതു പറഞ്ഞപ്പോൾ അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടയിരുന്നു.

നോർക്കസിറ്റിയിലെ ഒരു കൗൺസിലർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: "നിങ്ങൾ പ്രചരിപ്പിക്കുന്ന സന്ദേശമാണ് നിങ്ങളുടെ മതം എന്നാണ് ഇമാം ജമാഅത്തിന്റെ പ്രഭാഷണത്തിൽ നിന്ന് വ്യക്തമായത്. അതായത് ശാന്തിയിടെയും സമാധാനത്തിന്റെയും മതം. ഇമാം ജമാഅത്ത് പറഞ്ഞത് തികച്ചും വാസ്തവമാണ്. സമാധാനത്തിലൂടെ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. ഇത് സമാധാനത്തിന്റെ സന്ദേശമാണ്. ആസ്ത്രേലിയൻ രാജ്യത്തിന്റെ ചരിത്രം 200 വർഷം പഴക്കമുള്ളതാണ്. അതായത് ഇതിന്റെ യഥാർത്ഥ ഉടമസ്ഥരായ അബ്രേഹിനരെ കൂടാതെ പുറത്ത് നിന്ന് വന്നവർ 200 വർഷം മുമ്പാണ് ഇവിടെ എത്തിയത്. ഇന്ന് ഒരു മത നേതാവിന്റെ ഇത്ര സുന്ദരമായ സന്ദേശം നൽകുന്നത് കണ്ട് ആസ്ത്രേലിയയിൽ പുതിയ കാറ്റ് വീശാൻ തുടങ്ങുന്നു എന്നാണ് തോന്നുന്നത്." പറയുന്നു: "ഞാനെന്റെ ഭാര്യയോട് പറഞ്ഞു, അഹ്മദിയ്യാ സമുദായത്തിലെ വ്യക്തികളുടെ സ്നേഹഭരിതമായ ആത്മാർത്ഥതയും ആവേശവും അവരുടെ മുഖങ്ങളിലൂടെ വെളിപ്പെടുന്നു. ഈ അഹ്മദിയ്യാ സമൂഹം കൂടുതൽ മുന്നോട്ട് ഗമിക്കുകയും ധാരാളം ആളുകൾക്ക് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം എത്തിക്കുകയും ചെയ്തെങ്കിൽ എത്ര നന്നായേനെ. അതിനാൽ ആസ്ത്രേലിയൻ അഹ്മദികൾ ഈ സന്ദേശവും കൊണ്ട് മുന്നോട്ട് ഗമിക്കേണ്ടതാണ്."

അവിടെ ഒരു പാക്കിസ്ഥാനി മുസ്‌ലിമും ഉണ്ടായിരുന്നു. പറയുന്നു: "ഈ പരിപാടിയിൽ ഉണ്ടായിരുന്ന മാന്യത ഞാൻ മറ്റൊരു പരിപാടിയിലും കണ്ടിട്ടില്ല." സുമാലിയായിലെ കൗൺസിലർ പറയുന്നു: "താങ്കളുടെ ഓരോ വാക്കും താൽപര്യത്തോടെ ശ്രവിച്ചു. എന്നെ അത് സ്വാധീനിച്ചു."

കുവൈത്തിലെ ഒരു ജാബിർ സാഹിബും അവിടെ ഉണ്ടായിരുന്നു, പറയുന്നു: "അറബ് വസന്തത്തെ കുറിച്ചുള്ള വിശകലനത്തിൽ ഞാൻ വളരെ പ്രഭാവിതനാണ്. താങ്കളുടെ ഈ പ്രഭാഷണം വളരെ നിർഭയനായാണ് നൽകിയതെന്ന് മനസ്സിലാകുന്നു. എന്നാൽ അത് സത്യത്തിലധിഷ്ഠിതവുമായിരുന്നു. വിശകലനം ഇത്ര പൂർണ്ണവും വ്യക്തവുമായിരിക്കുമെന്ന് ഞാൻ കരുതിയില്ല."

ഇവിടെ ഏകദേശം 220 ഓളം വ്യത്യസ്ഥ മേഖലകളിലുള്ള വരുണ്ടായിരുന്നു. അവരിൽ ഏതാനും പേരുടെ അഭിപ്രായങ്ങൾ മാത്രമാണ് ഞാൻ കേൾപ്പിച്ചത്. അതിനു ശേഷം കൂടിക്കാഴ്ച്ച നടന്നു. ഇവിടെയുള്ളവർ ആത്മാർത്ഥതയൊടു കൂടി ശ്രവിക്കുന്നവരായി ഞാൻ കണ്ടു. പ്രകടനാത്മകമായ ആത്മാർത്ഥതയല്ല മറിച്ച്, അവർ പ്രഭാവിതരാണെന്ന് മനസ്സിലാകുകയും ചെയ്തു.

മെൽബണിൽ വാങ്ങിയ സെന്ററിനെ കുറിച്ച് ഖുത്വുബകളിലൊന്നും പരാമർശിച്ചിട്ടില്ല. അതിനാൽ അതിനെ സംബന്ധിച്ചും പറയാൻ ആഗ്രഹിക്കുകയാണ്. മെബണിൽ നാം വാങ്ങിയ പുതിയ സെന്ററിന് 7.5 ഏക്കർ വിസ്തീർണമാണുള്ളത്. നിർമ്മിക്കപ്പെട്ട ഒരു കെട്ടിടവും ഉണ്ടായിരുന്നു. 2500 സ്ക്വയർ മീറ്ററാണ് അതിന്റെ വിസ്തീർണ്ണം. മുകളിലുള്ള പ്രധാന ഹാളിൽ ഏകദേശം 3000 പേർക്ക് നമസ്കരിക്കാൻ സാധിക്കുന്നതാണ്. കെട്ടിടം ഏകദേശം ഖിബ്‌ലക്ക് അഭിമുഖവുമാണ്. മറ്റ് ഹാളുകളും ഉൾപ്പെടുത്തി മൊത്തം 4000 പേർക്ക് നമസ്കരിക്കാൻ സാധിക്കുന്നതാണ്. മിഷൻ ഹൗസ്, ഗസ്റ്റ് ഹൗസ്, ഗ്രന്ഥശാല, വായനശാല, സ്റ്റോർ എന്നിവ കൂടാതെ ഒരു ചെറിയ ഹാളും ഉണ്ട്. 3 പാർക്കിംങ്ങ് ഉണ്ട്. 200 ലധികം വണ്ടികൾക്ക് പാർക്ക് ചെയ്യാം. 2007 ൽ ഇത് വാങ്ങാൻ ആഗ്രഹിക്കുന്നു എന്ന് അപേക്ഷ നൽകിയിരുന്നു. അയൽവാസികൾ പല എതിരാഭിപ്രായവും പറഞ്ഞിരുന്നു. മുസ്‌ലീംകളുടെ ആരാധനാലയത്തിനായി അനുമതി നൽകരുതെന്ന് പറഞ്ഞിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മൂലം അവസാനം ഒന്നര വർഷത്തെ കാത്തിരിപ്പിന് ശേഷം 2009ൽ ഈ സെന്റർ അഹ്മദിയ്യാ ജമാഅത്തിന് നൽകാൻ സിറ്റി കൗൺസിലർ തീരുമാനിച്ചു. എല്ലാ കൗൺസിലർമാരും ഈ തീരുമാനത്തെ അനുകൂലിച്ചിരുന്നു. ആദ്യം ഇതൊരു ക്ലബ് ആയിരുന്നു. പിന്നീട് ഇതിൽ ചില മാറ്റങ്ങൾ വരുത്തി കമ്മ്യൂണിറ്റി സെന്ററിന്റെ രൂപം നൽകുകയായിരുന്നു.

പിന്നീട് നിങ്ങൾ കേട്ടതു പോലെ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള അധികമാളുകളുടെയും അഭിപ്രായത്തിൽ മാറ്റമുണ്ടായി. ഇത് വാങ്ങുന്നതിനായി 8 ലക്ഷം ഡോളർ ചെലവായി. കൂടാതെ നമ്മുടെ രീതിയനുസരിച്ച് ശ്രമദാനത്തിലൂടെ 5 ലക്ഷം ഡോളർ ലാഭിക്കുകയും ചെയ്തു. ഇന്ന് മാർക്കറ്റിൽ അതിന്റെ മൂല്യം നോക്കുകയാണെങ്കിൽ കുറഞ്ഞത് 5 മില്യൻ ഡോളറെങ്കിലും ഉണ്ടാകും. വളരെ കുറഞ്ഞ ചെലവിൽ അഹ്മദിയ്യത്തിന് വസ്തുക്കൾ ലഭിക്കുന്നു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

പിന്നീട് സിഡ്നിയിലേക്ക് മടങ്ങിവന്നു. അവിടെ ഖിലാഫത്ത് ജൂബിലി ഹാളിന്റെ പണി പൂർത്തിയായിരുന്നു. അതിന്റെ ഉദ്ഘാടനം നടന്നു. അതിൽ 1400 പേർക്ക് നമസ്കരിക്കാനുള്ള സൗകര്യമുണ്ട്. രണ്ട് നില ഓഫീസ് കെട്ടിടവുമുണ്ട്. ലജ്നയുടെ ഓഫീസുകളുമുണ്ട്. വലിയ അടുക്കളയുണ്ട്, അതിൽ ലങ്കർഖാനയുമുണ്ടായിരുന്നു. ഹാളിൽ ഇൻഡോർ ഗെയിം കളിക്കാവുന്നതാണ്. ഇവിടെ ഉദ്ഘാടന സമയത്ത് അവിടുത്തെ പ്രധാനമന്ത്രിയുടെ പ്രതിനിധിയും, പ്രതിപക്ഷ നേതാവും ഉണ്ടായിരുന്നു. കൂടാതെ മറ്റ് പലഉന്നത വ്യക്തിത്വങ്ങളും, എം.പി.മാരും പാർലമന്ററി സെക്രട്ടറി ഓഫ് ലോ ആന്റ് ജസ്റ്റീസ്, ഏരിയാ കമാൻണ്ടർ, പോലീസ് ഉദ്യോഗസ്ഥർ, വിവിധ മേഖലകളുമായി ബന്ധപ്പെട്ട ധാരാളം പേരും സന്നിഹിതരായിരുന്നു. അവിടെയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളും, അഹ്മദിയ്യാ ജമാഅത്ത് എന്താണെന്നതിനെ കുറിച്ചും, ഖിലാഫത്തിന്റെ പങ്ക് എന്താണെന്നും, ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ലനിലയിൽ അത് എല്ലാവരെയും സ്വാധീനിച്ചു.

ഒരു വിശിഷ്ഠ വ്യക്തി പറഞ്ഞു: "ഇസ്ലാമിനെ ഭീകരവാദികൾ ദുഷ്പേരുണ്ടാക്കിയിരിക്കുകയാണെന്ന് ഇമാം ജമാഅത്ത് അഹ്മദിയ്യാ ഏറ്റു പറയുകയുണ്ടായി. ഞാനതിൽ പ്രഭാവിതനാണ്. ഇതിന് മറുപടിയായി നൽകിയ ശാന്തിയുടെ സന്ദേശം വളരെ മഹത്തരമാണ്." മറ്റൊരു അതിഥി പറഞ്ഞു: "പ്രഭാഷണത്തിൽ വളരെ നല്ല അറിവുകൾ ഉണ്ടായിരുന്നു." .

''ഇസ്‌ലാമിനെ കൂടുതൽ നല്ല നിലയിൽ മനസ്സിലാക്കുന്നതിനായി ഒരു ഗ്രന്ഥം വാങ്ങുന്നതിനായി ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇസ്‌ലാമിനെ സംബന്ധിച്ച് ആശയക്കുഴപ്പത്തിലാണ്.'' എന്നാൽ പൊതുവിൽ ഈ പ്രഭാഷണം എന്നെ സംബന്ധിച്ചിടത്തോളം ആദരവിന് കാരണമാണ്. ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം അവരിലേക്കെത്തിയെങ്കിലും മുസ്‌ലീംകളുടെ വലിയൊരു വിഭാഗം അതിനെതിരാണ് പ്രവർത്തിക്കുന്നത് എന്നതാണ് അവരെ ആശയക്കുഴപ്പത്തിലകപ്പെടുത്തിയിരിക്കുന്നത്. ഏതായാലും അവിടുത്തുകാർ അവരുമായി ബന്ധപ്പെടുകയും സാഹിത്യങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യുക. ഇവിടെയും മറ്റുള്ളവർ നല്ല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്.

അതിനു ശേഷം ആസ്ത്രേലിയായിൽ ബ്രിസ്ബണിൽ പള്ളി ഉദ്ഘടനം ചെയ്യപ്പെട്ടു. ഖുത്വുബയിൽ കേട്ടിട്ടുണ്ടാകും. അതിനു ശേഷം ഒരു റിസപ്ഷനും ഉണ്ടായിരുന്നു. അതിൽ വിവിധ മേഖലകളിൽപ്പെട്ടവരുമായിരുന്നു. എം.പി.യുമുണ്ടായിരുന്നു, ഡോക്ടർ, പ്രൊഫസർ, അദ്ധ്യാപകർ, എഞ്ചിനീയർ, ചർച്ചിലെ ആളുകൾ, പാദിരി എന്നിവരെല്ലാം പങ്കെടുത്തു. ഒരു അയൽവാസി വളരെ എതിർപ്പ് കാണിച്ചിരുന്നു. എന്നാൽ നിർമ്മാണം പൂർത്തിയായപ്പോൾ അഹ്മദിയാ ജമാഅത്തിന്റെ നിലപാടുകൾ കണ്ടുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ നിലപാട് മാറി. മറ്റൊരു അയൽവാസിയും വളരെ എതിർത്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ തെറ്റിദ്ധാരണകൾ അകന്നപ്പോൾ സുഹൃത്തായി. മാത്രമല്ല ജമാഅത്തിനു വേണ്ടി വാദിക്കാനും തുടങ്ങി. അതു പോലെ മറ്റ് പല സുഹൃത്തുക്കളും ഉണ്ട്.

ഡെപ്യൂട്ടി മേയർ പറയുന്നു: ''അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി മനുഷ്യസേവനത്തിൽ വളരെ മുൻ പന്തിയിലാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഉന്നതമായ സേവനങ്ങൾ മറ്റ് സമുദായങ്ങളിൽ നിന്ന് അതിനെ വ്യതിരിക്തമാക്കുന്നു. എല്ലാവർഷവും ആസ്ത്രേലിയായിൽ ശുചിത്വത്തിനായി ശ്രമദാനം ചെയ്യുക, റെഡ് ക്രോസിനായി ഫണ്ട് സ്വരൂപിക്കുക, രക്ത ദാനവും മറ്റ് മാനുഷിക സേവനങ്ങളും അതിൽ ഉൾപ്പെടുന്നു. അതു പോലെ ക്യൂൻസ്‌ലാന്റിൽ ഈ വർഷാദ്യത്തിൽ ഉണ്ടായ പ്രളയത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ 50 വ്യക്തികൾ പ്രളയ ബാധിത പ്രദേശങ്ങളിൽ സഹായമെത്തിച്ചിരുന്നു. വിദേശങ്ങളിൽ നിന്ന് വന്ന് ഇവിടെ താമസിക്കുന്നവർ സമൂഹത്തിൽ ഇഴകിച്ചേരാറില്ല എന്നാണ് പറയാറുള്ളത്. എന്നാൽ അഹ്മദിയ്യാ മുസ്‌ലിം കമ്യൂണിറ്റിയെ സംബന്ധിച്ച് ഇങ്ങിനെ പറയാൻ കഴിയില്ല എന്ന് പരസ്യമായി ഞാൻ പറയുകയാണ്. ആസ്ത്രേലിയായെ സ്നേഹിക്കുകയും, ഈ രാജ്യത്തിനായി അമൂല്യമായ സേവനങ്ങൾ നൽകുകയും ചെയ്യുന്നവരാണിവർ. ഈയൊരു സ്നേഹവും സാഹോദര്യവുമാണ് ഇന്ന് ലോകത്തിന് അനിവാര്യം.''

പോലീസ് കമ്മീഷ്ണറും വന്നിരുന്നു, അദ്ദേഹവും ജമാഅത്തിന്റെ സേവനത്തെ പ്രശംസിക്കുകയുണ്ടായി. പറഞ്ഞു: ''ജമാഅത്ത് എപ്പോഴും ഞങ്ങളോടു ചേർന്ന് പ്രവർത്തിക്കുന്നു. എല്ലാവരെയും ബഹുമാനിക്കുന്നു. നിങ്ങൾ ഉന്നത ധാർമ്മികഗുണങ്ങൾ പ്രകടിപ്പിക്കുന്നവരാണ്.'' എന്നോടൊപ്പം ഇരുന്നിരുന്ന ഒരു എം.പി. അതു കഴിഞ്ഞപ്പോൾ പറഞ്ഞു: ''ഈ കമ്മീഷണർ പൊതുവിൽ ഇവിടുത്തെ പരിപാടികളിൽ പങ്കെടുക്കാറില്ല. അദ്ദേഹം ഇതിൽ പങ്കെടുത്തു എന്നത് വളരെ അത്ഭുതം തന്നെ.''

മറ്റൊരു എം.പി എന്റെ പ്രഭാഷണം കേട്ടപ്പോൾ പറഞ്ഞു: ''ഞാൻ വികാരഭരിതനാണ്. വളരെ പ്രഭാവിതനാണ്. പ്രഭാഷണത്തിൽ ഈ പള്ളിയെ സംബന്ധിച്ച് എല്ലാവർക്കും സംതൃപ്തി നൽകുകയുണ്ടായി. ഇമാം ജമാഅത്തിന്റെ പ്രഭാഷണ മദ്ധ്യേ ഞാൻ വിശേഷിച്ച് അമുസ്‌ലിം അതിഥികളുടെ ഭാവം ശ്രദ്ധിച്ചിരുന്നു. എല്ലാവരും വളരെ ശ്രദ്ധയോടു കൂടി ശ്രവിക്കുകയാണെന്ന് എനിക്ക് മനസ്സിലായി.''

മറ്റൊരു എം.പി.യുമായി ഖുർആനും ബൈബിളും ശാസ്ത്രത്തെ സംബന്ധിച്ച് എന്താണ് പറയുന്നത് എന്നത് സംബന്ധമായി നേരത്തെ തബ്‌ലീഗി സംഭാഷണം നടത്തിയിരുന്നു. അദ്ദേഹം പറഞ്ഞത്,''ഖുർആന്റെ അദ്ധ്യാപനം ബൈബിളിനേക്കാൾ ഉന്നതമായതാണെന്ന് ഞാൻ അംഗീകരിക്കുന്നു.'' അദ്ദേഹത്തോട് വിശുദ്ധ ഖുർആൻ പഠിക്കാനായി ഞാൻ പറഞ്ഞിരുന്നു. ഫൈവ് വാള്യം കമന്ററിയും അദ്ദേഹത്തിന് നൽകുകയുണ്ടായി. അങ്ങിനെ തബ്‌ലീഗിന്റെ മാർഗവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ തുറക്കപ്പെടുന്നു.

ഡോക്ടർ എന്നൊരു അതിഥിയുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ''ഇന്നിവിടെ വരുന്നതിനു മുമ്പ് ഞാൻ വളരെ പരിഭ്രമിച്ചിരുന്നു. കാരണം ഞാൻ മുസ്‌ലിമല്ല. എന്നോട് എങ്ങിനെയാണ് പെരുമാറുക എന്നെനിക്കറിയില്ലായിരുന്നു എന്നാൽ ഇന്ന് മിർസാ മസ്‌റൂർ അഹ്മദ് എന്റെ എല്ലാ പരിഭ്രമത്തെയും ദുരീകരിച്ചിരിക്കുന്നു.''

പിന്നീട് ന്യൂസ്‌ലാന്റിലേക്ക് പോയി. ആദ്യം ബൈത്തുൽ മുഖീത് പള്ളി ഉദ്ഘാടനമായിരുന്നു. എന്നാൽ അതിനു മുമ്പായി അവിടുത്തെ പുരാതന ഗോത്രമായ മൗറി ഗോത്ര രാജാവിൽ നിന്നുള്ള സ്വീകരണമുണ്ടായിരുന്നു. അവിടെ ആ രാജാവ് മറ്റ് വിശിഷ്ഠ വ്യക്തികൾക്ക് സ്വീകരണം നൽകുന്ന നിലയിലുള്ള എല്ലാ സംവിധാനങ്ങളും ഒതുക്കിയിരുന്നു. അവിടെ അഹ്മദിയ്യത്തിന്റെ പതാക അവരുടെ സ്വന്തം പതാകയോടൊപ്പം സ്വയം അദ്ദേഹം ഉയർത്തുകയുണ്ടായി. ഇത്തരത്തിലുള്ള പരിപാടികളിൽ രാജാവ് ഒരു പ്രത്യേക ഇരിപ്പിടത്തിലാണ് ഇരിക്കാറുള്ളത്. അതിനു ശേഷം പരമ്പരാഗതമായി പ്രഭാഷണം നടന്നു. തുടർന്ന് അവരുടെ വലിയൊരു ഹാളിലേക്ക് ആനയിച്ചു. അവിടെ പലരും ഉണ്ടായിരുന്നു. തുടർന്ന് മൗറി ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട വിശുദ്ധ ഖുർആൻ അദ്ദേഹത്തിന് നൽകി. വലിയ പരിപാടിയായിരുന്നു. പള്ളി ഉദ്ഘാടനത്തിനായി വരാമെന്ന് രാജവ് പറഞ്ഞു, രാജ്ഞിയും ആദ്യം വിലക്കിയെങ്കിലും പിന്നീട് ഞാനും വരുന്നതാണെന്ന് പറഞ്ഞു. പിന്നീട് ചില വ്യക്തികളോടൊപ്പം അവിടെ വന്നു.

മൗറി ഭാഷയിലുള്ള വിശുദ്ധ ഖുർആൻ പരിഭാഷയെ കുറിച്ച് ഞാനാദ്യം ചിലത് പറയാൻ ആഗ്രഹിക്കുകയാണ്. ശക്കീൽ അഹ്മദ് സാഹിബാണ് ഇത് പരിഭാഷപ്പെടുത്തിയത്. ആദ്യം 15 ജുഅ്സ് ആയിരുന്നു പ്രസിദ്ധീകരിച്ചത്. ഇപ്പോൾ മുഴുവനും പ്രസിദ്ധീകരിച്ചു. അദ്ദേഹം ഈ ഭാഷക്കാരനല്ല. ഒരു ഫിസിക്സ് പ്രൊഫസറാണ്. എന്നാൽ അദ്ദേഹം ഖലീഫത്തുൽ മസീഹ് റാബിഅ് رحمه الله ന്റെ നിർദ്ദേശത്താൽ ഭാഷ പഠിച്ചു. പിന്നീട് പരിഭാഷപ്പെടുത്താൻ തുടങ്ങി.

25 വർഷം വേണ്ടി വന്നു അദ്ദേഹത്തിന് ഭാഷ പഠിക്കാനും പരിഭാഷപ്പെടുത്താനും. മൗറി ഭാഷയിൽ ബഹുവചനങ്ങൾ പഠിക്കുവാനായി ധാരാളം സമയം വേണ്ടി വന്നതായി പറഞ്ഞു. തന്റെ പ്രായവും അതിനൊരു തടസ്സമായിരുന്നു എന്നദ്ദേഹം എഴുതുകയുണ്ടായി. ഏതായാലും അദ്ദേഹം നിരന്തരമായി കഠിന പരിശ്രമം നടത്തി. ചില തടസ്സങ്ങളും ഉണ്ടായിരുന്നു, പ്രശ്നങ്ങളും വന്നു. മറ്റുള്ളവരെക്കൊണ്ട് അല്പം പരിഭാഷപ്പെടുത്തി. പിന്നീട് പരിശോധിച്ചപ്പൊൾ അതിന്റെ നിലവാരം കുറവായി തോന്നി. ഈയൊരു പ്രായത്തിൽ അദ്ദേഹം ചെയ്തത് വളരെ വലിയൊരു കാര്യമാണ്. *അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ.* ചില പത്രങ്ങൾ ഈ പരിഭാഷയെ സംബന്ധിച്ച് നിരൂപണം നടത്തിയിരുന്നു. പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ചിലർ ചോദിച്ചു: ‘‘ഇതൊരു ചെറിയ ഗോത്രമാണ്. അവരുടെ ഭാഷയിലേക്ക് എന്തിനാണ് പരിഭാഷപ്പെടുത്തിയത്?’’ പറഞ്ഞു: ‘‘എല്ലാ ഭാഷയിലേക്കും പരിഭാഷപ്പെടുത്തുക എന്നത് ഞങ്ങളുടെ കടമയാണ്. എല്ലാവർക്കും അറബി അറിയില്ല. വിശുദ്ധ ഖുർആന്റെ സന്ദേശം എല്ലാ സമുദായങ്ങളിലേക്കും എത്തിക്കേണ്ടതുണ്ട്.’’ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു മൗറി ബൈഅത്തും ചെയ്തു. ഒന്ന് രണ്ടു പേർ തയ്യാറായിട്ടുമുണ്ട്. ഞാൻ പറഞ്ഞതും ഇതു തന്നെയാണ്. വിശുദ്ധ ഖുർആന്റെ പരിഭാഷ വന്നാൽ കൂടുതൽ ആളുകൾ അഹ്മദിയ്യത്തിൽ ചേരുന്നതാണ്. ഇസ്‌ലാം സ്വീകരിക്കുന്നതാണ്.

അതിനു ശേഷം പുതുതായി നിർമ്മിക്കപ്പെട്ട ബൈത്തുൽ മുഖീത്ത് പള്ളിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് റിസപ്ഷനും ഉണ്ടായിരുന്നു. മൗറി രാജാവും രാജ്ഞിയും അവിടെ എത്തിയിരുന്നു. അത് കൂടാതെ ധാരാളം വിശിഷ്ട വ്യക്തികളും അവിടെ ഉണ്ടായിരുന്നു. രാജ്യത്തെ പ്രസ്സ് ആൻഡ് ഇലക്ട്രോണിക് മീഡിയയുമായി ബന്ധപ്പെട്ടവരും ഉണ്ടായിരുന്നു. 107 നടുത്ത് അതിഥികളുണ്ടായിരുന്നു. അതിഥികൾ നൽകിയ അഭിപ്രായങ്ങളിൽ ചർച്ചിലെ ഒരു പാതിരി പറഞ്ഞു: ‘‘എല്ലാ മതങ്ങളും യാതൊരു വിദ്വേഷവും കൂടാതെ ഒന്നിച്ച് നീങ്ങേണ്ടതാണ്. ഇമാം ജമാഅത്ത് അഹ്മദിയ്യാ പറഞ്ഞത് പത്രങ്ങൾ ഇസ്‌ലാമിന്റെ പേര് കളങ്കപ്പെടുത്തിയിരിക്കുന്നു എന്നാണ്.’’ ഇത് തികച്ചും വാസ്തവമാണ്. ഞാൻ പള്ളിയുമായി ബന്ധപ്പെട്ടും മറ്റുള്ള തെറ്റിദ്ധാരണകളെ സംബന്ധിച്ചും അത് മറ്റുള്ളവരിൽ ഉണ്ടാക്കിയിട്ടുള്ള പ്രഭാവത്തെ കുറിച്ചും പറഞ്ഞിരുന്നു. പറയുന്നു: ‘‘പത്രങ്ങൾ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കിയിരിക്കുന്നു എന്നത് വാസ്തവമാണ്. എവിടെയെങ്കിലും ഭീകരണാക്രമണമുണ്ടാകുമ്പോൾ മാധ്യമങ്ങൾ മുസ്‌ലീംകൾ നമസ്കരിക്കുന്നതായി കാണിക്കുന്നു. തൽഫലമായി ജനങ്ങൾ കരുതുന്നത് ഇസ്‌ലാമിനും ഭീകരവാദത്തിനും പരസ്പര ബന്ധമുണ്ടെന്നാണ്. വാസ്തവത്തിൽ ഇസ്‌ലാമിന് ഭീകരവാദവുമായി യാതൊരു ബന്ധവുമില്ല. ഇമാം ജമാഅത്ത് തന്റെ പ്രഭാഷണത്തിൽ അത് സ്ഥാപിക്കുകയും ചെയ്തു.’’

ഏതായാലും പത്ര മാധ്യമങ്ങൾ മൗറി ഭാഷയിലുള്ള പരിപാടിയെയും പള്ളിയുടെ ഉദ്ഘാടന ചടങ്ങും നല്ലനിലയിൽ പ്രചരിപ്പിച്ചു.

ന്യൂസ്‌ലാന്റിൽ തന്നെയുള്ള തന്നെയുള്ള ഇന്ത്യക്കാരനായ കമൽ ജിത് സിങ്ങ് എന്ന സിക്കുകാരനായ എം.പി. പാർലമെന്റിൽ മറ്റൊരു പരിപാടിയിയും സംഘടിപ്പിച്ചിരുന്നു. പാർലമെന്റ് മന്ദിരത്തിലുള്ള അവരുടെ ഒരു വലിയ ഗ്രാന്റ് ഹാളിലാണ് പരിപാടി നടന്നത്. അതിൽ ഏതാനും പാർലമെന്റംഗങ്ങളും പങ്കെടുത്തിരുന്നു, എംബസിക്കാരും പങ്കെടുത്തിരുന്നു. അവരിൽ ഇസ്റാഈലിന്റെയും ഇറാന്റെയും എംബസിക്കാരുമുണ്ടായിരുന്നു. ബ്രിട്ടന്റെ ഡെപ്യൂട്ടി ഹൈകമ്മീഷണറും ഉണ്ടായിരുന്നു. പോലീസുദ്യോഗസ്ഥരും യൂണിവേഴ്സിറ്റി പ്രൊഫസർമാരും ഉണ്ടായിരുന്നു. അവിടെയും സമാധാന സംബന്ധമായി ലോകത്ത് എന്താണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. അതും ജനങ്ങളെ നല്ല പോലെ സ്വാധീനിച്ചു.

ന്യൂസ്‌ലാന്റിന്റെ ഒരു വാണിജ്യേതര റേഡിയോ നെറ്റ്‌വർക്കിൽ ‘‘ചെക്പോയിന്റ്’’ എന്ന പേരിൽ വളരെ പ്രധാനപ്പെട്ട ഒരു പരിപാടിയുണ്ട്. അതിലെ പ്രൈം ടൈമിൽ നമ്മുടെ പരിപാടിയെ സംബന്ധിച്ച് വാർത്ത നൽകുകയുണ്ടായി.

പത്രങ്ങളിൽ എത്രത്തോളം വാർത്തകളാണ് വന്നത് എന്നത് സംബന്ധമായി ഞാൻ അവസാനത്തിൽ പറയുന്നതാണ്. ഏതായാലും ന്യൂസിലാന്റിൽ രണ്ടു പരിപാടികളായിരുന്നു. പള്ളിയുടെ പരിപാടിയും പാർലമെന്റ് പരിപാടിയും

പിന്നീട് ജപ്പാനിലേക്ക് പോയി. അവിടെയും നഗോയയിൽ ഒരു റിസപ്ഷനുണ്ടായിരുന്നു. അതിൽ 117 അതിഥികൾ പങ്കെടുത്തു. അതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ, നഗോയയിലെ സംസ്ഥാന എം.പി, വിവിധ യൂണിവേഴ്സിറ്റികളെ 14 പ്രൊഫസർമാർ, ബുദ്ധ മതത്തിന്റെ പ്രതിനിധികൾ, വക്കീലുമാർ, വിവിധ സംഘടനകളുമായി ബന്ധമുള്ള അതിഥികളും ഉൾപ്പെടുന്നു. പശ്ചിമേഷ്യയുടെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് 1000 കി.മീ യാത്ര ചെയ്താണ് റിസപ്ഷനിൽ പങ്കെടുക്കാനെത്തിയത്. അദ്ദേഹം പറഞ്ഞു: ‘‘2011 ലെ ഭൂകമ്പത്തിനും സുനാമിക്കും ശേഷം അഹ്മദിയ്യാ ജമാഅത്ത് നൽകിയ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാൻ സാധിക്കില്ല. ഈ ജമാഅത്തിന്റെ പ്രവർത്തകരെയും നേതാവിനെയും വ്യക്തിപരമായി കണ്ട് കൃതജ്ഞത അറിയിക്കുന്നതിനു വേണ്ടിയാണ് ഞാൻ വന്നിട്ടുള്ളത്. താങ്കളുടെ ജമാഅത്തും, താങ്കളെ അംഗീകരിക്കുന്നവരും, താങ്കളുടെ അദ്ധ്യാപനങ്ങളെ പ്രാവർത്തികമാക്കികൊണ്ട്, ഉപദേശങ്ങളെ ശിരസ്സാവഹിച്ചുകൊണ്ട് മനുഷ്യസഹതാപത്താൽ ഭരിതരായിക്കൊണ്ട് മനുഷ്യ സേവനത്തിൽ വ്യാപൃതരാണ് എന്ന് പറയുന്നതിനു വേണ്ടിയും കൂടിയാണ് വന്നിട്ടുള്ളത്’’ പിന്നീട് പറയുന്നു: ‘‘പ്രഭാഷണം ശ്രവിച്ചപ്പോൾ, ജമാഅത്ത് അഹ്മദിയ്യായുടെ ഇമാമിലും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളിലും ലോക ശാന്തിയുടെ രഹസ്യം മറഞ്ഞു കിടപ്പുണ്ടെന്ന ദൃഢ വിശ്വാസം ഉണ്ടായി. യഥാർത്ഥ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ സമർപ്പിക്കുകയാണെങ്കിൽ, ലോക സമാധാനം ഇസ്‌ലാമുമായി ബന്ധപ്പെട്ടുരിക്കുന്നു എന്ന് മറ്റുള്ളവർ അംഗീകരിക്കുന്നതാണ്.’’ *ഭീകരവാദികൾക്കും, തങ്ങളുടെ ശക്തിയിൽ അഹങ്കരിക്കുകയും തെറ്റായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നതുമായ നേതാക്കൾക്കും ഇക്കാര്യം അല്ലാഹു മനസ്സിലാക്കിക്കൊടുക്കട്ടെ.*

ഒരു വക്കീൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചു പറയുന്നു:

"ഞാൻ ഹൃദയാന്തരാളങ്ങളിൽ നിന്ന് നന്ദിയും കൃതജ്ഞതയും അറിയിക്കുന്നു. 1951 ൽ സെന്റ് ഫ്രാൻസിസ്കോയിൽ നടന്ന കോൺഫറൻസിൽ സർ ചൗധരി സഫറുല്ലാ ഖാൻ സാഹിബിന്റെ മഹത്തായ പ്രഭാഷണത്തിൽ ഇത് സംബന്ധമായി അടിത്തറ പാകിക്കൊണ്ട് പറഞ്ഞത് -അതായത് ജപ്പാനുമായി ബന്ധപ്പെട്ട്- ജപ്പാന്റെ നീതിയും, ജപ്പാന്റെ സമാധാനവും ലോകത്തിന് വളരെ സുപ്രധാനമാണ് എന്നായിരുന്നു. കാരണം ഭാവിയിൽ ജപ്പാൻ ആഗോള സമാധാനത്തിലും ആഗോള രാഷ്ട്രീയത്തിലും സുപ്രധാന പങ്കുവഹിക്കുന്നതാണ്. അക്കാലത്ത് ജപ്പാനോട് വർത്തിച്ചിരുന്ന സമീപനത്തെ സംബന്ധിച്ച് സെന്റ് ഫ്രാൻസിസ്കോയിൽ നടന്ന കൊൺഫറൻസിൽ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് വെളിപ്പെടുത്തിയിരുന്നു. തൽഫലമായി അത് ജനങ്ങളെ സ്വാധീനിക്കുകയും ഞങ്ങളോടുള്ള പെരുമാറ്റത്തിന്റെ മാറ്റം വന്നുവെന്നും ഞങ്ങളിതിനെ വിലമതിക്കുന്നുവെന്നും അദ്ദേഹം പറയുകയുണ്ടായി. മാത്രമല്ല തൽഫലമായി അഹ്മദിയ്യാ ജമാഅത്തിനോട് സുദൃഢമായ ബന്ധം നിലനിർത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നും പറയുകയുണ്ടായി.

എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, ആ വ്യക്തിക്ക് സ്വന്തം രാജ്യത്ത് യാതൊരു വിലയുമില്ല. അദ്ദേഹം അവിടുത്തെ വിദേശകര്യമന്ത്രിയായിരുന്നു. സ്കൂളിലെ ചരിത്ര പുസ്തകങ്ങളിൽ മുമ്പ് അദ്ദേഹത്തിന്റെ പേരാണുണ്ടായിരുന്നത്. ഇപ്പോൾ അത് നീക്കിക്കൊണ്ട് ആദ്യ വിദേശകാര്യമന്ത്രിയായി മറ്റാരുടെയോ പേര് ചേർത്തുകൊണ്ട് കുട്ടികൾക്ക് തെറ്റായ ചരിത്രമാണ് പഠിപ്പിച്ച് കൊടുക്കുന്നത്.

വീണ്ടും പറയുന്നു: "ജപ്പാനിൽ വന്ന ഭൂകമ്പത്തിനും സുനാമിക്കും ശേഷം അഹ്മദിയ്യാ ജമാഅത്ത് ചെയ്ത സേവനം അവിസ്മരണീയമാകുന്നു. ജമാഅത്തംഗങ്ങളുടെ പങ്കും, പ്രകൃതവും, വസിക്കുന്ന രാജ്യത്തോടുള്ള വികാരവും ഈ ജമാഅത്തിനെ മറ്റെല്ലാ ജമാഅത്തിൽ നിന്നും വ്യതിരിക്തമാക്കുന്നു." ഓരോ അഹ്മദിയും എപ്പോഴും ഓർത്തിരിക്കേണ്ട പൊതുവായ കാര്യങ്ങളാണിത്. പറയുന്നു: "ഇന്ന് ഞങ്ങൾ ഇസ്‌ലാമിന്റെ സുന്ദരമായ ഒരു മുഖം ദർശിച്ചു. ലോകം അഥവാ ഒരു കയ്യിൽ ഒരുമിച്ച് കൂടുമെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന്റെ കയ്യിലാകുന്നു. അവർക്ക് ഒരു ഇമാമുണ്ട്."

ഇത്തരത്തിൽ പലരുടെയും അഭിപ്രായങ്ങളുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ പരാമർശിക്കുക സാധ്യമല്ല. സംക്ഷിപ്തമായി ഏതാനും ചിലത് മാത്രമാണ് ഞാൻ പരാമർശിച്ചത്. വിശദവിവരണങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. അൽഫദ്‌ലിലും മറ്റ് പത്രങ്ങളിലും ചിലത് വന്നിട്ടുമുണ്ടാകും. റിസപ്ഷനുകളുടെയും മറ്റു പരിപാടികളുടെയും ആഭിമുഖത്തിന്റെയുമെല്ലാം വാർത്തകളിലൂടെ ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും പരിചയപ്പെടുത്തിക്കൊണ്ട് വിവിധ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ടി.വി.യിലും റേഡിയോയിലും പ്രക്ഷേപണം ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ച് അല്പം പറയുന്നതാണ്. മലേഷ്യയിൽ നിന്ന് ധാരാളം പത്രപ്രതിനിധികൾ എത്തിയിരുന്നു. അവരുടെ ഒരു വാരികയിൽ എന്റെ അഭിമുഖം പ്രസിദ്ധീകരിച്ചു. വളരെ പ്രസിദ്ധമായ പത്രമാണ്. അതിന്റെ സർക്കുലേഷൻ ഒരു ലക്ഷത്തിനു മേലെയാണ്. കൂടാതെ മറ്റൊരു പത്രത്തിലും പ്രസിദ്ധീകരിച്ചിരുന്നു. 60,000 70,000 സർക്കുലേഷനുള്ള വെസ്റ്റ് ജാവയുടെ രണ്ട് പത്രങ്ങളിലും, കൂടാതെ ധാരാളം സർകുലേഷനുള്ള മറ്റൊരു പത്രത്തിലും പ്രസിദ്ധീകരിച്ചു.

ആസ്ത്രേലിയായിൽ ഇലക്ട്രോണിക് ആന്റ് പ്രിന്റ് മീഡിയ ധാരാളമുണ്ട്. അവരുടെ ദേശീയ ടി.വി എ.ബി.സി, നാഷണൽ റേഡിയോ എ.ബി.സി എന്നിവ ഇന്റർവ്യൂ എടുക്കുകയും വാർത്തകൾ നൽകുകയും ചെയ്തു. മുഴുവൻ രാഷ്ട്രത്തിലും ഈ ടി.വി.യും റേഡിയോയും കാണുകയും കേൾക്കുകയും ചെയ്യുന്നു. പസഫിക് ദ്വീപുകളിൽ റേഡിയോ അധികമായി കേൾക്കപ്പെടുന്നു. ഒന്നര മുതൽ 2 മില്ല്യൻ ആളുകൾ അത് കേൾക്കുന്നുണ്ട്. ദേശീയ വാർത്താ ചാനലായ എ.ബി.സി ന്യൂസ് 46 രാഷ്ട്രങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. 10 മില്ല്യനിൽ അധികം ആളുകൾ അത് കാണുന്നവരാണ്. ഇതിന്റെ ഇന്റർവ്യൂ എടുത്തയാൾ പറഞ്ഞത്, ആസ്ത്രേലിയക്ക് പുറത്ത് ഈ ചാനൽ ശ്രവിക്കുന്നവരുണ്ട്. നിങ്ങളുടെ ഈ ഇന്റർവ്യൂക്ക് നല്ല പ്രതീകരണമാണ് ഞങ്ങൾക്ക് ലഭിച്ചത്. ലോകത്ത് ഇത്രയധികം ആളുകൾ ശ്രദ്ധിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു പിന്നീട് പറഞ്ഞു. ഞങ്ങൾക്ക് വളരെ സന്തോഷമായി. താങ്കൾ വീണ്ടും വരുമ്പോൾ ഞങ്ങൾക്ക് ഇന്റർവ്യൂനായി കൂടുതൽ സമയം തരണം.

ആസ്ത്രേലിയായുടെ ദേശീയ ടി.വി. ചാനലായ എ.ബി.സിയുടെ പ്രശസ്തനായ പ്രതിനിധിയാണ് എന്നെ ഇന്റർവ്യൂ ചെയ്തത്. അദ്ദേഹം വിവിധ രാഷ്ട്രത്തലവന്മാരെയും നേതാക്കളെയും ഇന്റർവ്യൂ ചെയ്യുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ പരിപാടികളെ വളരെ പ്രാധാന്യത്തോടെയാണ് കാണുകയും കേൾക്കുകയും ചെയ്യുന്നത്. അങ്ങിനെ 10 മുതൽ 15 മില്ല്യൻ ആളുകൾ അത് ശ്രവിച്ചു.

കൂടാതെ ന്യൂസ്‌ലാന്റിലെ മാധ്യമങ്ങളിൽ ടി.വി വൺ ആയ മൗറി ടി.വി.യിൽ പ്രക്ഷേപണം ഉണ്ടായി. മൗറി ഭാഷയിൽ നല്കപ്പെട്ട സ്വീകരണത്തെ പ്രദർശിപ്പിക്കുകയുണ്ടായി. മുഴുവൻ രാജ്യത്തും കാണിക്കുകയുണ്ടായി. ടി.വി. വൺ രാജ്യത്തെ സുപ്രധാന സംഭവങ്ങളെ പ്രദർശിപ്പിക്കുന്ന ചാനലാകുന്നു. നിത്യവും 6 ലക്ഷത്തി 42 ആയിരത്തിനടുത്ത് ആളുകൾ കാണുന്ന ചാനലാണിത്. മസ്ജിദ് ബൈത്തുൽ മുഖീത്തിന്റെ റിപ്പോർട്ട് അവർ കാണിച്ചിരുന്നു. മൗറി ഭാഷയിലുള്ള പരിപാടി കാണിച്ചു. പത്രങ്ങൾ പള്ളിയെ സംബന്ധിച്ചുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചു. സൺഡേ സ്റ്റാർ എന്ന രാജ്യത്തെ വലിയ പത്രവും സന്ദർശനത്തിന്റെ വാർത്തയും നൽകി. 5 ലക്ഷത്തിനു മേൽ ആളുകൾ അത് വായിക്കുന്നവരാണ്. ഇന്റർനെറ്റിലൂടെയും ധാരാളം ആളുകൾ വായിക്കുന്നുണ്ട്.

മനാകോ കൗറിയർ എന്ന പത്രം 1,92,000 പേരാണ് അത് വായിക്കുന്നത്. അതു പോലെ 96,000 പേർ വായിക്കുന്ന മറ്റൊരു പത്രവും വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. നാലര ലക്ഷത്തിലധികം പേർ വീക്ഷിക്കുന്ന രാജ്യത്തെ ഒന്നാം നമ്പർ വെബ് സൈറ്റിലും വാർത്തകൾ വന്നിരുന്നു. പള്ളി ഉദ്ഘാടനത്തെ സംബന്ധിച്ചുള്ള വാർത്തയായിരുന്നു അതിൽ നൽകിയിരുന്നത്. പിന്നീട് ജപ്പാനിലെ പത്രമാധ്യമങ്ങളിൽ 2 കോടിയിലധികം സർക്കപലേഷനുള്ള വലിയൊരു പത്രത്തിൽ എന്റെ സന്ദർശന സംബന്ധമായ ചിത്രങ്ങളും വാർത്തകളും നൽകിയിരുന്നു.

"ഇസ്‌ലാമിന്റെ ഒരു വിഭാഗമായ അഹ്മദിയ്യത്തിന്റെ നേതാവ് കേന്ദ്രത്തിൽ നിന്നും വന്നിരിക്കുന്നു. ആദ്യത്തെ പള്ളിയെ സംബന്ധിച്ച് വിളംബരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതൊരു എക്സ്പോർട്ട്സ് കോംപ്ലക്സായിരുന്നു. മത സമൂഹ വ്യതിരിക്തതയിൽ നിന്നും അകന്നുകൊണ്ട് എല്ലാ വർക്കും ഈ പള്ളിയിൽ വരാവുന്നതാണെന്ന് ജമാഅത്തിന്റെ ഇമാം പറഞ്ഞിരുന്നു." എന്നും എഴുതിയിരുന്നു.

ഏതായാലും സംക്ഷിപ്തമായി, റിസപ്ഷനുകളിലും ഇന്റർവ്യൂകളിലും ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾ പരാമർശ വിധേയമായിരുന്നു. മസീഹ് മൗഊദ് عليه السلام ന്റെ ആഗമനോദ്ദേശ്യം പരാമർശ വിധേയമായി. ഇസ്‌ലാമിലെ യുദ്ധങ്ങളെ സംബന്ധിച്ചുള്ള സങ്കല്പ്പങ്ങളെ കുറിച്ചും പറയപ്പെട്ടു. എങ്ങിനെയാണ് അഹ്മദിയ്യാ ജമാഅത്ത് തബ്ലീഗ് ചെയ്യുന്നത്, മുസ്‌ലിം രാഷ്ട്രങ്ങളിലെ അശാന്തിയും അതിനുള്ള പരിഹാരങ്ങളെകുറിച്ചും സംസാരിക്കുകയുണ്ടായി. യഥാർത്ഥ ശാന്തിയും സമാധാനവും എങ്ങിനെ സ്ഥാപിക്കും എന്നതിനെ സംബന്ധിച്ചും സംസാരിക്കുകയുണ്ടായി. ഹദ്റത് ഈസാ عليه السلام ന്റെ സ്ഥാനമെന്താണ് എന്നതിനെ സംബന്ധിച്ചും, ഖിലാഫത്തും ജമാഅത്തുമായുള്ള ബന്ധമെന്താണെന്നതിനെ സംബന്ധി ച്ചും പറയപ്പെട്ടു. അങ്ങനെ ജമാഅത്തിനെ സംബന്ധിച്ച് വളരെ വിശാലമായ പരിചയം വിവിധ പരിപാടികളിലൂടെ ഉണ്ടായി.

അഥവാ മുഴുവൻ പത്രങ്ങളെയും ടി.വി ചാനലുകളെയും റേഡിയോ സ്റ്റേഷനുകളെയും ഒരുമിച്ച് കൂട്ടുകയാണെങ്കിൽ ശ്രവിച്ചവരുടെയും ദർശിച്ചവരുടെയും വായിച്ചവരുടെയും മൊത്തം എണ്ണം ഏകദേശം മൂന്നര കോടിയാണ്. അത്രയും ജനങ്ങളിലേക്ക് സന്ദേശം എത്തുകയുണ്ടായി. അല്ലാഹു എല്ലാ പ്രദേശങ്ങളിലും ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ പരിചയപ്പെടുത്തുകയാണ്. ഹ: മസീഹ് മൗഊദ് عليه السلام നെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഒരു നിർദ്ദേശത്തിനനുസരിച്ചാണിത്. അതായത് ഈ കാലഘട്ടം സൽമാർഗ പ്രചരണ പൂർത്തീകരണത്തിന്റെ കാലഘട്ടമാണ്. നമ്മുടെ പ്രയത്നങ്ങൾക്കതീതമായി മാധ്യമങ്ങൾ നൽകുന്ന പ്രചാരം ഇതിനുള്ള അല്ലാഹുവിന്റെ പ്രവർത്തന സാക്ഷ്യമാണ്. ഇത്ര വിശാലമായി ഈ നാല് രാഷ്ട്രങ്ങളിൽ മാത്രമല്ല, അതിലൂടെ മറ്റ് 46 രാഷ്ട്രങ്ങളിലും അഹ്മദിയ്യത്തിനെ കുറിച്ചുള്ള പ്രചരണവും എത്തിച്ചത് നമ്മുടെ കഴിവുകൾക്കതീതമാണ്. പാക്കിസ്ഥാനും ഇതിൽ ഉൾപ്പെടുന്നു. കാരണം ഇന്റർവ്യൂ പ്രക്ഷേപണം ചെയ്തതിനെ സംബന്ധിച്ച് എനിക്കവിടെ നിന്നും റിപ്പോർട്ട് ലഭിച്ചിരുന്നു. ബുദ്ധിയുള്ളവർക്ക് ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ സത്യത്തിന് ഈ ഒരു സാക്ഷ്യം മാത്രം മതിയാവുന്നതാണ്. ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: "ഈ വിനീതൻ وَاَمَّا بِنِعۡمَةِ رَبِّكَ فَحَدِّثۡ എന്ന കല്പനയനുസരിച്ച്, കാരുണ്യവാനായ അല്ലാഹു കേവലം അവന്റെ അനുഗ്രഹത്താൽ എല്ലാ കാര്യങ്ങളിലും ഈ വിനീതന് അധികമായി പങ്ക് നൽകുകയുണ്ടായി എന്ന് വെളിപ്പെടുത്തുന്നതിൽ അല്പം പോലും സങ്കോചിക്കുന്നില്ല. ഈ അനർഹനെ വെറും കയ്യോടെ തിരിച്ചയച്ചിട്ടില്ല. അടയാളങ്ങളില്ലാതെ നിയോഗിച്ചിട്ടുമില്ല. മറിച്ച് എല്ലാ അടയാളങ്ങളും നൽകി. അത് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. വെളിപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. അല്ലാഹു വളരെ വ്യക്തമായ നിലയിൽ ന്യായ പൂർത്തീകരണം നടത്താത്തതുവരെ ഈ അടയാളങ്ങളെ വെളിപ്പെടുത്തികൊണ്ടിരിക്കുന്നതാണ്. *അല്ലാഹു നമുക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനും നിറവേറ്റാനുമുള്ള തൗഫീഖ് നൽകട്ടെ.*

ചില ദുഃഖകരമായ വാർത്തകളുമുണ്ട്. നമസ്കാരത്തിന് ശേഷം 3 ജനാസ ഞാൻ നമസ്കരിപ്പിക്കുന്നതാണ്. ഇതിൽ ആദ്യത്തെ ജനാസ നമ്മുടെ ശഹീദായ സഹോദരൻ ബശീർ അഹ്മദ് സാഹിബ് കയാനിയുടേതാണ്. അദ്ദേഹം അബ്ദുൽ ഗഫൂർ സാഹിബ് കയാനിയുടെ മകനായിരുന്നു. വറങ്കി ടൗൺ കറാച്ചിയിൽ നവംബർ 1 നാണ് ശഹാദത്ത് സംഭവിച്ചത്. അദ്ദേഹം തന്റെ അയൽവാസിയുടെ 11 വയസുള്ള മകനോടൊത്ത് ജുമുഅക്കായി പോകുകയായിരുന്നു. ഒരു മണിയോടടുത്ത് വീട്ടിൽ നിന്നും പുറപ്പെട്ടു. വറങ്കി ടൗൺ മസ്ജിദ് ബൈത്തുൽ ഹഫീസിലേക്ക് നടന്നായിരുന്നു പോയത്. 2 കി.മീ ദൂരത്താണ് അദ്ദേഹത്തിന്റെ വീട്. പള്ളിയുടെ അടുത്തെത്തിയപ്പോൾ പിന്നിൽ നിന്ന് ബൈക്കിൽ രണ്ട് അജ്ഞാത അക്രമികൾ വന്ന് അദ്ദേഹത്തിനു നേരെ നിറയൊഴിക്കാൻ തുടങ്ങി. ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തിന്റെ നെറ്റിയിലും നെഞ്ചത്തും ഓരോ വെടിയുണ്ടയേറ്റു. കൂടെയുണ്ടായിരുന്ന കുട്ടിയുടെ കാലിലും വെടിയേറ്റ് മറുഭാഗത്തുകൂടെ പുറത്തേക്ക് വന്നു. ഉടൻ തന്നെ ആശുപത്രിയിലേക്കെത്തിച്ചു. അവിടെ എത്തിയതിന് ശേഷം ബശീർ കയാനി സാഹിബ് ശഹീദായി. اِنَّا لِلّٰهِ وَ اِنَّاۤ اِلَیۡهِ رٰجِعُوۡنَ അക്രമികളുടെ വെടിവെപ്പിൽ കൂടെയുണ്ടായിരുന്ന മുഹമ്മദ് അഹ്മദ് വാജിദിനെ കൂടാതെ ബസാറിലുണ്ടായിരുന്ന വേറെ രണ്ട് അനഹ്മദികൾക്കും വെടിയേറ്റു. മുഹമ്മദ് അഹ്മദിനെ പ്രാഥമിക ശുശ്രൂഷക്ക് ശേഷം അശുപത്രിയിൽ നിന്ന് വീട്ടിലേക്ക് കൊണ്ടുവന്നു. നല്ല അവസ്ഥയിലാണിപ്പോഴുള്ളത്. *അല്ലാഹു അദ്ദേഹത്തിന് എത്രയും പെട്ടെന്ന് പരിപൂർണ്ണ സൗഖ്യം നൽകുമാറാകട്ടെ.* ശഹീദ് ബശീർ അഹ്മദ് സാഹിബിന്റെ മൂത്തമകൻ സഹൂർ അഹ്മദ് കയാനി സാഹിബിനെ ആഗസ്ത് 21 ന് ശഹീദാക്കിയിരുന്നു. അദ്ദേഹത്തിന്റെ മകനായ അജാസ് അഹ്മദ് കയാനി സാഹിബിനെ സെപ്തംബർ 18 ന് ഇതേ വറങ്കി ടൗണിൽ വെച്ച് അഹ്മദിയ്യത്തിന്റെ ശത്രുക്കൾ ശഹീദാക്കിയിരുന്നു.

ഈ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ രണ്ട് പിതൃ സഹോദരന്മാരായ യൂസുഫ് കയാനി സാഹിബ്, സഊദ് കയാനി സാഹിബ് എന്നിവരിലൂടെയായിരുന്നു. 1936 ൽ ബൈഅത്ത് ചെയ്ത് അവർ ജമാഅത്തിൽ പ്രവേശിച്ചു. മെട്രികുലേഷനു ശേഷം ബശീർ അഹ്മദ് സാഹിബ് പട്ടാളത്തിൽ ചേർന്നു. 1970 ൽ അദ്ദേഹത്തിന് കറാച്ചിയിലേക്ക് മാറ്റം ലഭിച്ചു. അവിടെവെച്ച് വിരമിക്കുകയും ചെയ്തു. 68 വയസ്സായിരുന്നു പ്രായം. നല്ല ശുദ്ധ പ്രകൃതവും വികാരഭരിതനുമയിരുന്നു. തബ്ലീഗിൽ വളരെ താത്പര്യമുണ്ടായിരുന്നു. അവസരം കിട്ടുമ്പോഴെല്ലാം സുഹൃത്തുക്കൾക്ക് തബ്ലീഗ് ചെയ്യുമായിരുന്നു. ധൈര്യവാനായിരുന്നു. ഒന്നിനു പുറകെ ഒന്നായി മരുമകന്റെയും മകന്റെയും ശഹാദത്തിൽ ഭയചകിതനായില്ല. മറിച്ച് മകന് ധൈര്യം നൽകുമായിരുന്നു. ശഹാദത്ത് ദിവസം തന്റെ മകനായ ഇജാസ് കയാനി സാഹിബിനോട് നാം സ്വയം നമ്മെ സംരക്ഷിക്കണം, ഇവുടുന്ന് പോകരുത് എന്ന് പറഞ്ഞിരുന്നു.

ഇലാഖ ഖാഇദ് സാഹിബ് പറയുന്നു, ഇജാസ് കയാനി സാഹിബിന്റെ ശഹാദത്തിന് ശേഷം മുഴുവൻ കുടുംബത്തെയും വിടുന്നതിനു വേണ്ടി വിമാനത്താവളത്തിൽ ചെന്നപ്പോൾ ഇജാസ് കയാനി സാഹിബിന്റെ മാതാവിന്റെ അവസ്ഥ കണ്ട്കൊണ്ട് ഇരിക്കുവാനായി കസേര കൊണ്ടുവന്നു. അത് കണ്ടപ്പോൾ ബശീർ കയാനി സാഹിബ് പറഞ്ഞു: ''ഇപ്പോൾ എന്റെ ഒരു മകനെ ശഹീദായിട്ടുള്ളൂ. ഞങ്ങൾ ഇപ്പോൾ തന്നെ ഇരിക്കണമെന്നാണോ താങ്കൾ ആഗ്രഹിക്കുന്നത്.'' വികാരം ഉള്ള വ്യക്തിയായിരുന്നു. പട്ടാളത്തിൽ ആയിരുന്ന സമയത്ത് സൗദീ അറേബ്യയിൽ നിയമിതനായപ്പോൾ പാസ്പോർട്ടിൽ അഹ്മദിയ്യത്തിനെ കുറിച്ച് രേഖപ്പെടുത്തരുതെന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ''ഇത് സാധ്യമല്ല, എനിക്ക് പോകാൻ കഴിഞ്ഞില്ലെങ്കിലും കുഴപ്പമില്ല. ഈ നിബന്ധന എനിക്ക് സ്വീകര്യമല്ല.'' ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ ഫാത്തിമ ബശീർ കയാനി സാഹിബയെ കൂടാതെ 2 ആൺ മക്കൾ ഇജാസ് കയാനി, ശഹ്ബാസ് കയാനി എന്നിവരും 5 പെൺമക്കളുമുണ്ട്. സഹൂർ കയാനി സാഹിബിന്റെ വിധവ താഹിറ, നാഇദ ത്വയ്യിബ്, ശാഹിദ ബശീർ, സഈദ ബശീർ എന്നിവരാണ് മറ്റുള്ളവർ. *അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. മറ്റുള്ളവർക്ക് ഉത്തമമായ ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.*

ബശീർ കയാനി സാഹിബിനെ കുറിച്ച് ഒരുവ്യക്തി എഴുതുന്നു, കറാച്ചിയിൽ അദ്ദേഹത്തിന്റെ രണ്ട് പ്രിയപ്പെട്ടവരെ ശഹീദാക്കിയപ്പോൾ ഞാനദ്ദേഹത്തോട് പറഞ്ഞു, എന്തുകൊണ്ട് കറാച്ചിയെ ഉപേക്ഷിക്കുന്നില്ല. ദുഃഖിതനായി ഇരിക്കുന്ന അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വരുന്നുണ്ടായിരുന്നു. പെട്ടെന്ന് എഴുന്നേറ്റ് നിന്ന് പറഞ്ഞു: ''ഇതെങ്ങിനെ സാധ്യമാകും? നമുക്ക് അഹ്മദിയ്യത്തിനെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കണം. നീ കറാച്ചി ഉപേക്ഷിക്കാൻ പറയുകയാണോ? ത്യാഗങ്ങൾ നമ്മുടെ ധൈര്യത്തെ വർദ്ധിപ്പിക്കുന്നതാണ്. ശത്രുക്കൾക്ക് നമ്മുടെ വിശ്വാസത്തെ ക്ഷയിപ്പിക്കാൻ സാധ്യമല്ല.'' *അല്ലാഹു ശത്രുക്കളെ പെട്ടെന്ന് തന്നെ പിടിക്കുന്നതിനുള്ള സംവിധാനം ചെയ്യുമാറാകട്ടെ.*

രണ്ടാമത്തെ ജനാസ ഇവിടെയുള്ള ചിലർ നമസ്കരിച്ചിട്ടുണ്ടാകും. ഇവിടുത്തെ വാസിയായ നമ്മുടെ സഹോദരൻ ഭായി അബ്ദുസ്സമീഅ് സാഹിബിന്റെതാണ്. അദ്ദേഹം ഹൃദയരോഗിയായിരുന്നു. ഓപ്പറേഷൻ ചെയ്തതിലും വിജയിച്ചില്ല. കുറച്ച് കാല ശേഷം വഫാത്തായി. 69 വയസ്സായിരുന്നു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ അദ്ദേഹം ഹദ്റത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ رضي الله عنه ന്റെ ചെറുമകനായിരുന്നു. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് رضي الله عنه ന്റെ മകളുടെ പുത്രനുമായിരുന്നു. യു.കെ.യിലുള്ള മജ്ലിസ് അൻസാറുല്ലാക്ക് അദ്ദേഹത്തെ അറിയാം. ഇവിടെ ഖാഇദ് തഅ്ലീമും തർബിയ്യത്തുമയിരുന്നു. വളരെ ആത്മാർഥതയോടു കൂടി സേവനം അനുഷ്ഠിച്ചിരുന്നു. ദുആ ചെയ്യുന്ന വ്യക്തിയും, അനുകമ്പയും, വാത്സല്യവും ഉള്ള വ്യക്തിയുമായിരുന്നു. തെറ്റുകളെ അവഗണിക്കുന്ന വ്യക്തിയായിരുന്നു. എന്നോട് സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ബന്ധമായിരുന്നു. എന്ത് ജോലിയുണ്ടെങ്കിലും അറിയിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഖുർആൻ പാരായണം വളരെ മനോഹരമായിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരൻ മുനീർ അഹ്മദ് സാഹിബ് 28 മെയ് 2010 ൽ ശഹീദായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യയും മകനും രണ്ട് പെൺമക്കളുമാണുള്ളത്. *അല്ലാഹു ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.*

മൂന്നാമത്തെ ജനാസ ജാമിഅയിലെ വിദ്യാർത്ഥിയായ മുസമ്മിൽ ഇൽയാസ് സാഹിബിന്റെതാകുന്നു. ഹാഫിസാബാദ് ജില്ലയിലെ ഛട്ട വാസിയായിരുന്നു. സെപ്തംബർ 9 ന് സുബഹി സമയത്ത് ജാമിഅയിൽ വെച്ച് പെട്ടെന്ന് വഫാത്താകുകയായിരുന്നു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ 17 വയസ്സായിരുന്നു. ജാമിഅയിലെ ദർജ മുമാഇദയിലെ വിദ്യാർഥിയായിരുന്നു. വളരെ ആവേശത്തോടു കൂടി ജാമിഅയിൽ പ്രവേശിച്ചതായിരുന്നു. അല്ലാഹുവിന്റെ ഇഛയാണ് നടന്നത്. നമസ്കാരത്തിൽ കൃത്യ നിഷ്ഠതയുള്ള വ്യക്തിയും, കൃത്യമായി ഖുർആൻ പാരായണം ചെയ്യുന്ന ആളും ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളെ വളരെ താത്പര്യത്തോടെ വായിക്കുന്ന വ്യക്തിയും ആയിരുന്നു. ഖുത്വുബകൾ വളരെ ശ്രദ്ധയോടെ, സ്നേഹത്തോടെ ശ്രവിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മാതാമഹൻ പറയുന്നു. ഒരിക്കലും തഹജ്ജുദ് ഉപേക്ഷിച്ചിരുന്നില്ല. കേന്ദ്രത്തിന്റെ സുരക്ഷാ ഡ്യൂട്ടിയിൽ പലപ്പോഴും ശഹാദത്തിന്റെ ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളും സഹനം കാണിക്കുകയുണ്ടായി. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തരാണെന്നാണ് പറഞ്ഞത്. ഞങ്ങളുടെ കുട്ടിയുടെ ത്യാഗത്തെ ഇത്ര വേഗത്തിൽ സ്വീകരിച്ചതിന് ഞങ്ങൾ നന്ദിയുള്ളവരാണെന്നും പറഞ്ഞു. *അല്ലാഹു മർഹൂമിന്റെ പദവികൾ ഉയർത്തട്ടെ. മാതാപിതാക്കൾക്ക് സഹനം നൽകട്ടെ.*

**PRINTED BOOKS**

To


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 November 15 at : Baitul Futuh Mosque, London.
T.M.Abdul Mujeeb, Thammanam - 09946794987

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**